# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **30.11.2018-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 927**

## ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4. ഹീഫർ പാർക്ക്<br>5. ക്ഷീരഗ്രാമം<br>6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിനുള്ള പ്രവർത്തനങ്ങൾ<br>8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി<br>10. സമഗ്ര ഇൻഷുറൻസ് പദ്ധതി |
| (ബി) മികച്ച പാലുല്പാദക സംസ്ഥാനമെന്ന ദേശീയ ബഹുമതി കേരളത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇന്ത്യാ ടുഡേ ഗ്രൂപ്പ് മികച്ച പാലുല്പാദക സംസ്ഥാനത്തിന് ഏർപ്പെടുത്തിയ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്.<br>ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ക്ഷീരോല്പാദന മേഖലയിലെ താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് കേരളത്തെ മികച്ച ക്ഷീരോല്പാദക സംസ്ഥാനമായി തെരഞ്ഞെടുത്തത്<br>(1) 2017-18-ൽ പാലുല്പാദനത്തിൽ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം<br>(2) ഇന്ത്യയിൽ ക്ഷീരകർഷകർക്ക് ഏറ്റവും ഉയർന്ന പാൽവില ലഭിക്കുന്ന സംസ്ഥാനം<br>(3) മികച്ച ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാനം<br>(4) ക്ഷീരകർഷക പെൻഷൻ നടപ്പിലാക്കിയ ഏക സംസ്ഥാനം<br>(5) പശുക്കളുടെ ഉൽപ്പാദന ക്ഷമതയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം |

(6) എല്ലാ പഞ്ചായത്തുകളിലും മൃഗചികിത്സാ സൗകര്യം ഏർപ്പെടുത്തിയ ഏക സംസ്ഥാനം

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം
2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണത്തിനുള്ള സഹായം
3. ക്ഷീര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം
4. മിൽക്ക്റൂട്ട് സബ്സിഡി
5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം
6. ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം
7. പാൽസംഭരണ മുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.
8. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷനുള്ള സഹായം
9. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ-സംസ്കരണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
10. AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം
11. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം
12. കർഷകർക്ക് സബ്സിഡി നിരക്കിൽ വൈക്കോൽ/പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനുള്ള സഹായം
13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന പ്ലാന്റ് (ETP), സൗരോർജം ഉല്പാദനത്തിനുള്ള സൗകര്യം, മഴവെള്ളസംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൃത്രിമപാൽ എത്തുന്നുണ്ടെന്ന പരാതി ഉയരുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കുന്നതിനുള്ള ചെക്ക്പോസ്റ്റുകൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ട് വരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനത്തിനുള്ള ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**